**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 386** **01-02-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തനത് ഫണ്ട് കുറവായ കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | തനത് ഫണ്ട് കുറവായ കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാന പ്രകാരമാണ് പ്രാദേശിക സർക്കാരുകൾക്ക് ഫണ്ടുകൾ അനുവദിക്കുന്നത്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് കാലാവധി 2021-22 മുതൽ അഞ്ച് വർഷത്തേക്കാണ്. പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ടുകൾ യഥേഷ്ടം അനുവദിക്കാൻ കഴിയുന്ന ഒന്നല്ല. ആയതിനാൽ തനത് ഫണ്ട് കുറവായ കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് അനുവദിക്കുവാൻ നിർവാഹമില്ല. കൂടാതെ, തനതുഫണ്ടും പൊതു ഫണ്ടും അടക്കമുള്ള തുക ഭരണചെലവുകൾക്കും മറ്റും തികയാത്ത, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും സർക്കാർ വിടവ് നികത്തൽ ഫണ്ട് (ഗ്യാപ് ഫണ്ട്) അനുവദിക്കാറുണ്ട്. |
| (ബി) | വർഷങ്ങളായി നിർത്തിവെച്ചിരിക്കുന്ന ആറ്റുമണൽ വാരുന്ന പ്രവൃത്തി ത്രിതല പഞ്ചായത്തുകൾ വഴി നടപ്പാക്കുന്നതിന് അനുമതി നൽകുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ നിലവിൽ സംസ്ഥാനത്തെ നദികളിൽ നിന്നുള്ള നിയമാനുസൃത മണൽ വാരൽ നിർത്തിവച്ചിരിക്കുകയാണ്. സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം നടത്തുന്നതിന് മണൽ ലഭ്യതയില്ലാത്ത നദികളിൽ മണൽവാരൽ നിരോധനം 06.06.2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗനിർദ്ദേശങ്ങൾ , MOEF & CC യുടെ Sustainable Sand Mining Management |

| | | | |
|---|---|---|---|
| | | | Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരവും തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-യിൽ നിന്നും പാരിസ്ഥിതിക അനുമതി ലഭ്യമാക്കിയതിന് ശേഷം ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ വിദഗ്ധ സമിതി നിയമാനുസൃതമായുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ച് കടവ് കമ്മിറ്റികൾ മുഖാന്തിരം മണൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നു വരികയാണ്. നിലവിൽ സർക്കാർ തലത്തിൽ ടി വിഷയം സംബന്ധിച്ച് ചർച്ചകൾ നടന്ന് വരികയാണ്. അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ